# സർക്കുലർ

26 Ch. TCL 28

ഈശോമിശിഹായിൽ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

അസാധാരണമായ വെള്ളപ്പൊക്കക്കെടുതികളിൽ നമ്മുടെ നാട് ക്ലേശിക്കുകയാണല്ലോ. അനേകം ജനങ്ങൾ സ്വന്തം വീടുവിട്ട് ബന്ധു വീടുകളിലും ദുരിതാശ്വാസ ക്യാമ്പുകളിലും അഭയം തേടിയിരിക്കുക യാണ്. സ്കൂളിൽ പോകാൻ കഴിയാത്ത കുട്ടികളുടെയും പരിമിത സാഹ ചര്യങ്ങളിൽ കഴിയേണ്ടിവരുന്ന രോഗികളുടെയുമൊക്കെ അവസ്ഥ നമ്മുടെ കൺമുമ്പിലുണ്ട്. ഈ സാഹചര്യത്തിൽ സാഹോദര്യത്തി ന്റെയും കാരുണ്യത്തിന്റെയും വഴികൾ തെളിച്ച് പരസ്പരം പിന്തുണയ് ക്കാൻ നാം ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്ന ജനപ്രതിനിധികളും സർക്കാർ സംവിധാനങ്ങളും നമ്മുടെ അഭിനന്ദനം അർഹിക്കുന്നുണ്ട്. പ്രത്യേകിച്ചും ദുരിതാശ്വാസ ക്യാമ്പുക ളിലെത്തിയിരിക്കുന്നവർക്ക് മികച്ച സേവനം നൽകുവാൻ എല്ലാവരും ശ്രദ്ധിക്കുന്നുവെന്നത് സ്വാഗതാർഹമാണ്. എങ്കിലും വെള്ളപ്പൊക്ക ദു രിതാശ്വാസത്തേക്കാൾ നമുക്ക് വേണ്ടത് വെള്ളപ്പൊക്കം ഉണ്ടാകാതിരി ക്കാനുള്ള മുൻകരുതലുകളും പരിശ്രമങ്ങളുമാണ്. പ്രളയം ഉണ്ടാകു മ്പോൾ മാത്രം പ്രളയനിവാരണം ചർച്ച ചെയ്യുകയും പ്രളയം കഴിയു മ്പോൾ അത് മറന്നുപോകുകയും ചെയ്യുന്നതാണ് സാധാരണ കണ്ടു വരുന്നത്. തോടുകളുടെയും കായലുകളുടെയും ആഴം കൂട്ടിയാൽ ത്തന്നെ പ്രളയത്തെ വലിയൊരളവിൽ നിയന്ത്രിക്കാനാകും. ഫലപ്രദ മായ നടപടികളിലൂടെ നമ്മുടെ നാടിന്റെ സുരക്ഷ ഉറപ്പാക്കാൻ പരിശ്രമി ക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

ഈ പ്രളയകാലത്ത് നമ്മുടെ സഹോദരങ്ങളെ സഹായിക്കാൻ നമുക്ക് മുന്നിട്ടിറങ്ങാം. 'പരസ്പരം ഭാരം പേറിക്കൊണ്ട് മിശിഹായുടെ നിയമം പൂർത്തിയാക്കുവിൻ' (ഗലാ 6:2) എന്ന പൗലോസ് ശ്ലീഹായുടെ ആഹ്വാനം സ്വീകരിച്ചുകൊണ്ട് ജാതിമതഭേദമെന്യേ ഏവരെയും സഹാ യിക്കാൻ പരിശ്രമിക്കുന്നതാണല്ലോ നമ്മുടെ പതിവ്. വയനാട് പ്രകൃതി ദുരന്തത്തിന് ഇരയായവർക്കുവേണ്ടി കഴിഞ്ഞവർഷം നാം 50 ലക്ഷം രൂപ കൈമാറുകയുണ്ടായി. അവിടെ ഇതിനകം 72 വീടുകൾ പൂർത്തി

യാക്കുകയും നൂറോളം വീടുകളുടെ പണി കെ.സി.ബി.സി.യുടെ (KCBC) നേതൃത്വത്തിൽ നടക്കുകയും ചെയ്യുന്നു എന്നത് സന്തോഷകരമാണ്.

നമ്മുടെ അതിരൂപതയിൽ മാത്രം 92 ഇടവകകളിലായി 4000–ത്തിൽ അധികം കുടുംബങ്ങൾ വെള്ളപ്പൊക്ക ദുരിതം അനുഭവിക്കുന്നുണ്ട്. അവരെ സഹായിക്കേണ്ടത് നമ്മുടെ അടിയന്തിര കടമയാണ്. ആകയാൽ ഓഗസ്റ്റ് 16 ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനായി നമുക്കു മാറ്റിവയ്ക്കാം. നമ്മുടെ സാമൂഹ്യ സേവന വിഭാഗമായ 'ചാസ്' (CHASS) ന്റെ നേതൃത്വത്തിൽ ഫലപ്രദമായി നമുക്കു പുനരധിവാസ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കും.

വെള്ളം കയറിയ വീടുകൾ വൃത്തിയാക്കാനായി അതിരൂപതാ എസ്.എം.വൈ.എം. (SMYM) ലെ യുവജനങ്ങൾ സന്നദ്ധത അറിയിച്ചിട്ടുണ്ട്. കെ.എൽ.എം. (KLM), എ.കെ.സി.സി. (AKCC), മാതൃ–പിതൃവേദി സംഘടനാംഗങ്ങളുടെ പങ്കാളിത്തം ഈ മേഖലയിൽ ഉണ്ടാകണമെന്ന് ഓർമ്മിപ്പിക്കുന്നു. 'സന്തോഷിക്കുന്നവരോടുകൂടി സന്തോഷിക്കുകയും കരയുന്നവരോടുകൂടി കരയുകയും' ചെയ്യാൻ വിളിക്കപ്പെട്ട നമുക്ക് ഈ ദുരന്തസാഹചര്യത്തെ ദൈവാനുഗ്രഹത്തിന്റെ അനുഭവമാക്കി മാറ്റാൻ പരിശ്രമിക്കാം.

കാരുണ്യവാനായ കർത്താവ് നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവം,

**✠ തോമസ് തറയിൽ**

ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ

---

**NB:** ***2026 ഓഗസ്റ്റ് 09 ഞായറാഴ്ച*** പരിശുദ്ധ കുർബാനമധ്യേയുള്ള വചന പ്രഘോഷത്തിനുശേഷം വായിക്കാനായി നൽകിയ സർക്കുലർ.

ദുരിതാശ്വാസത്തിന് പണം അയക്കേണ്ട Account Details ചുവടെ ചേർക്കുന്നു.

Account Name: CARITHAS CHANGANACHERRY
Account number -0013053000048130
IFSC-SIBL0000013
South Indian Bank
Main branch : Changanacherry